**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **07-06-2021 - ൽ മറുപടിയ്ക്ക്**

**വ്യാപാര മേഖലയ്ക്കുള്ള ഉത്തേജക പായ്ക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് മൂലം പ്രതിസന്ധി നേരിടുന്ന വ്യാപാര മേഖലയുടെ നിലനിൽപ്പിനായി ഉത്തേജക പായ്ക്കേജ് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) | കോവിഡ് ലോക് ഡൗൺ മൂലം വ്യാപാര സ്ഥാപനങ്ങൾ അടച്ചിടേണ്ടിവന്ന വ്യാപാരി ക്ഷേമ നിധി അംഗങ്ങൾക്ക് 1000 രൂപ ധനസഹായം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി വരുന്നു. കഴിഞ്ഞ വർഷം കോവിഡ് ലോക്ക് ഡൗൺ കാലത്ത് വ്യാപാരികളെ സഹായിക്കുവാൻ വ്യാപാരി ക്ഷേമ ബോർഡ് വഴി ഒരു ഉത്തേജക പാക്കേജ് നടപ്പിലാക്കിയിരുന്നു. പ്രസ്തുത പാക്കേജിലെ മുഴുവൻ തീരുമാനങ്ങളും സർക്കാർ സഹായത്തോടെ വ്യാപാരി ക്ഷേമ ബോർഡ് പൂർത്തീകരിച്ചിട്ടുണ്ട്. ഈ പ്രാവശ്യവും കോവിഡ് ലോക് ഡൗൺ മൂലം കടകളടച്ച് ദുരിതത്തിലായ വ്യാപാരികളെ സഹായിക്കുവാൻ 1000 രൂപ കോവിഡ് ധനസഹായം, വാർഷിക വരിസംഖ്യ അടയ്ക്കേണ്ട വ്യാപാരി ക്ഷേമനിധി അംഗങ്ങൾക്ക് പിഴ ഒഴിവാക്കി കൊടുക്കുക എന്നിവയ്ക്കുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിവരുന്നു. കോവിഡ് മൂലം പ്രതിസന്ധി നേരിടുന്ന വ്യാപാര മേഖലയെ സഹായിക്കുന്നതിന്റെ ഭാഗമായി വിവിധ ജി.എസ്.ടി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള കാലപരിധി നീട്ടികൊടുത്തിട്ടുണ്ട്. ഇതുകൂടാതെ കഴിഞ്ഞ ജിഎസ്.ടി കൗൺസിലിൽ എടുത്ത തീരുമാനപ്രകാരം മുൻവർഷങ്ങളിൽ ഫയൽ ചെയ്യാത്ത ജി.എസ്.ടി റിട്ടേണുകൾ ലേറ്റ് ഫീസിൽ വലിയ ഇളവ് വരുത്തി നിശ്ചിത കാലപരിധിക്കുള്ളിൽ ഫയൽ ചെയ്യുന്നതിനുള്ള അവസരവും നൽകിയിട്ടുണ്ട്. |
| (ബി) | വ്യാപാരികളും കർഷകരും എടുത്തിരിക്കുന്ന ബാങ്ക് വായ്പകൾക്ക് പലിശരഹിത മൊറോട്ടോറിയം പ്രഖ്യാപിക്കാൻ നടപടി കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കുമോ? | (ബി) | കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സ്വർണ്ണപണയ വായ്പ, ഭവന വായ്പ, മൈക്രോ ഫിനാൻസ്, മറ്റ് വായ്പകൾ, ചിട്ടി എന്നിവയുടെ തിരിച്ചടവ് തൽക്കാലം നിർത്തിവയ്ക്കുന്നതിനും സംസ്ഥാനത്തെ സ്വകാര്യ സ്ഥാപനങ്ങൾക്ക് കൂടി ബാധകമാക്കി എല്ലാ ലേല നടപടികളും ദുരന്ത നിവാരണ സാഹചര്യം കണക്കിലെടുത്ത് നിർത്തിവയ്ക്കുന്നതിന് |

| | | | |
|---|---|---|---|
| | | | കെ.എസ്.എഫ്.ഇ, സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ്, രജിസ്ട്രേഷൻ വകുപ്പ് എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ